# ക്നാനായ വോയ്സ്

VOICE OF THE KNANAYA PEOPLE AROUND THE WORLD

www.knanayavoice.com ESTD: 2008

ലക്കം: 1 ■ പുസ്തകം: 1 ■ 2012 ഫെബ്രുവരി 5 – 11


# അമൃത, കോലഞ്ചേരി, പുഷ്പഗിരി... മാധ്യമങ്ങളുടെ നട്ടെല്ല് വളയുമ്പോൾ



ഉത്തരേന്ത്യയിൽ ആരംഭിച്ച നഴ്സുമാരുടെ സമരം സംസ്ഥാനത്തും പടർന്നു പിടിക്കുകയാണ്. ഉത്തരേന്ത്യയിൽ നടന്ന സമരത്തിൽ സജീവമായി ഇടപെട്ട നമ്മുടെ രാഷ്ട്രീയ നേതൃത്വവും നഴ്സുമാർക്ക് ധാർമ്മിക പിന്തുണ നൽകിയ നമ്മുടെ മുഖ്യധാരാ മാധ്യമങ്ങളും വേതന വർദ്ധനവും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും ആവശ്യപ്പെട്ട് സംസ്ഥാനത്ത് നടത്തുന്ന സമരത്തോട് പുറം തിരിഞ്ഞ് നിൽക്കുന്ന കാഴ്ചയാണ് ഇപ്പോൾ കാണാനാകുന്നത്. പാവപ്പെട്ട രോഗികളുടെ കണ്ണീരൊപ്പുന്ന ഈ മാലാഖമാരുടെ പ്രശ്നങ്ങളിൽ ഇടപെടാനോ അവരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായൊരു പരിഹാരം നിർദ്ദേശിക്കുന്നതിനോ സർക്കാർ പരാജയപ്പെടുമ്പോൾ ജനകീയ പ്രശ്നങ്ങളിൽ ശക്തമായ നിലപാടെടുക്കുന്നുവെന്ന് മേനി നടിക്കുന്ന നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾ ആരെയൊക്കെയോ തൃപ്തിപ്പെടുത്താനായി ഇത്തരം വാർത്തകളെ പരമാവധി അവഗണിക്കുന്നു.

ഏതാനും മാസം മുമ്പ് ഉത്തരേന്ത്യയിൽ നഴ്സുമാർ പണിമുടക്കാരംഭിച്ചപ്പോൾ അതിനായി വെണ്ടക്കാ അക്ഷരത്തിൽ അച്ചു നിരത്തിയ മലയാളത്തിലെ രണ്ട് പ്രമുഖ പത്രങ്ങൾ കോലഞ്ചേരിയിലോ മെഡിക്കൽ ട്രസ്റ്റിലോ പുഷ്പഗിരിയിലോ നടക്കുന്ന സമരങ്ങളുടെ നേർക്ക് കണ്ണടയ്ക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന കുറഞ്ഞ വേതനം പോലും ലഭിക്കാതെ മണിക്കൂറുകളോളം ജോലി ചെയ്യുന്ന നഴ്സുമാരുടെ കഷ്ടപ്പാടുകളെക്കുറിച്ച് അറിയാത്തതു കൊണ്ടല്ല സർക്കാർ നടപടിക്ക് മുതിരാത്തത്. അതിന് മുതിർന്നാൽ അത് തങ്ങളുടെ വോട്ടു ബാങ്കിനെ ബാധിക്കുമെന്ന ഭയം സർക്കാരിനെ സജീവ ഇടപെടലിൽ നിന്ന് പിന്തിരിപ്പിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

മെഡിക്കൽ ട്രസ്റ്റിലെ സമരം ഒത്തു തീർക്കാനായി തൊഴിൽ മന്ത്രി ഷിബു ബേബി ജോൺ ഇപ്പോൾ നടത്തുന്ന ഇടപെടൽ കണ്ടില്ലെന്ന് നടിക്കുന്നില്ലെങ്കിലും ഇതേ മന്ത്രി തന്നെയാണ് നഴ്സുമാർ മുന്നറിയിപ്പില്ലാതെ പ്രത്യക്ഷ സമരത്തിലേക്ക് കടക്കുന്നതിനെതിരെ രോഷം കൊണ്ടതെന്നും മറക്കുന്നില്ല. സംസ്ഥാനത്തെ ആരോഗ്യരംഗത്ത് സ്വകാര്യ മേഖലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പല ആശുപത്രികളും സഭയ്ക്കോ സർക്കാരിനോ വേണ്ടപ്പെട്ടവരും സർക്കാരിൽ പിടിപാടുള്ളവരുമായ ഉന്നതരുടേതാണ്. അതു കൊണ്ടു തന്നെ ഏതു സമര രംഗത്തും മുന്നറിയിപ്പില്ലാതെ ചാടി വീഴാറുള്ള ഇടതുപക്ഷം പോലും ഇവരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടാൻ തയ്യാറായിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

വിദേശത്ത് ആകർഷകമായ ജോലി സാദ്ധ്യത ഉള്ളതിനാൽ നഴ്സിംഗ് പഠനത്തിനെത്തുന്നവരുടെ എണ്ണം ഇന്ന് കൂടുതലാണ്. ജീവിത വഴിയായി നഴ്സിംഗ് തിരഞ്ഞെടുക്കുന്നവർ ആദ്യം ചൂഷണം ചെയ്യപ്പെടുന്നത് പഠന ഘട്ടത്തിൽ തന്നെയാണ്. മൾട്ടി സ്പെഷ്യാലിറ്റി ഹൈടെക്ക് ഇനങ്ങളിൽപെടുന്ന ആശുപത്രികൾ കൂട്ടത്തോടെ നഴ്സിംഗ് ജീവനക്കാരെ നിയമിക്കുന്നുണ്ട്. മെച്ചപ്പെട്ട തൊഴിൽ പ്രതീക്ഷിച്ചിരിക്കുന്ന ഉദ്യോഗാർത്ഥികൾ ഇടത്താവളമെന്ന നിലയിലാണ് പലപ്പോഴും ഇത്തരം സ്ഥാപനങ്ങളിലെത്തുന്നത്. അമിത ലാഭം കറന്നെടുക്കുന്ന കച്ചവട കേന്ദ്രമായ ഇത്തരം ആശുപത്രികളിൽ മിക്കതിലും നഴ്സുമാർ കൊടിയ ചൂഷണത്തിനും പീഢനത്തിനും ഇരയാകുന്നു.

സംസ്ഥാനത്ത് ഇരുപത്തിനാല് ആശുപത്രികൾ മാത്രമാണ് മിനിമം വേജസ് നിയമപ്രകാരം വേതനവും ആനുകൂല്യങ്ങളും നല്കുന്നതെന്ന് ലേബർ കമ്മീഷൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം ചൂഷണം നടക്കുന്നെങ്കിൽ സാങ്കേതികത്വത്തിൽ തൂങ്ങി സർക്കാർ കയ്യും കെട്ടി നോക്കി നിൽക്കരുത്. ഒട്ടുമിക്ക തൊഴിൽ മേഖലയിലും മിനിമം കൂലി വ്യവസ്ഥയുണ്ട്. നഴ്സിങ്ങ് മേഖലയിലും അങ്ങനെയൊരു വകുപ്പ് ഉണ്ടെന്നാണ് വയ്പ്പ്. എങ്കിലും തങ്ങൾക്കത് ലഭിക്കുന്നില്ലെന്ന് നഴ്സുമാർ തന്നെ പറയുന്നു. നഴ്സുമാർ ആവശ്യപ്പെടുന്ന ശമ്പളം നൽകി ആശുപത്രി നടത്തിക്കൊണ്ടു പോകാൻ കഴിയില്ലെന്ന് മാനേജുമെന്റുകളും പറയുന്നു. നഴ്സുമാർ ആവശ്യപ്പെടുന്ന ശമ്പളം കൊടുക്കുക പലർക്കും അപ്രായോഗികമായിരിക്കും. പക്ഷെ അവർ അർഹിക്കുന്ന വ്യവസ്ഥാപിത വേതനം ഉറപ്പു വരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്.

ഡോക്ടറുമാരുടെ വേതനമടക്കം ആശുപത്രിച്ചിലവുകളെല്ലാം നിറവേറ്റുന്നത് രോഗികളിൽ നിന്ന് ഈടാക്കിയാണ്. മറ്റു ചിലവുകളിലൊന്നും ഇളവു വരുത്താതെ നഴ്സുമാരുടെ കാര്യത്തിൽ മാത്രമറിച്ചൊരു നിലാപാടു സ്വീകരിക്കുന്നതിൽ എന്തു ന്യായമാണുള്ളത്. രാജ്യത്തു തന്നെ ഏറ്റവും കൂടുതൽ നഴ്സുമാരുള്ള അവരെ വാർത്തെടുക്കുന്ന സംസ്ഥാനുമാണ് കേരളം. അവർ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നതും ഇവിടെ തന്നെ എന്നത് മറ്റൊരു വിരോധാഭാസം. ഇതിനു മാറ്റം വരുത്താൻ സർക്കാരിനു തന്നെയാണ് ചുമതല. സാമൂഹിക നീതിക്കും മിനിമം വേതനത്തിനും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾക്കും മാതൃകാ സംസ്ഥാനമെന്നു പേരുകേട്ട കേരളത്തിൽ നിന്നുതന്നെയാവണം ഈ മാറ്റത്തിനു തുടക്കം കുറിക്കേണ്ടത്. അങ്ങനെ ഉണ്ടാവുമെന്ന് നമുക്ക് ആശിക്കാം.

## കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിക്ക് റോമിൽ സ്വീകരണം



റോം: സീറോ മലബാർ സഭ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിക്ക് ഇന്ത്യൻ പ്രീസ്റ്റ് സിസ്റ്റേഴ്സ് ബ്രദേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ ഈ മാസം 20-ന് ഉച്ച കഴിഞ്ഞ് മൂന്ന് മണിക്ക് റോമിലെ സാൻ പൗളോ ഓഡിറ്റോറിയത്തിൽ സ്വീകരണം നൽകും.

റാഞ്ചിയിൽ നിന്നുള്ള കർദ്ദിനാൾ ടോപ്പോ ഇറ്റലിയിലെ ഇന്ത്യൻ അമ്പാസഡർ സഹാ, മുൻ അപ്പസ്തോലിക് ന്യൂൺ ഷ്യോ പീറ്റർ പ്രഭു തുടങ്ങിയവർ സംബന്ധിക്കും. റോമിലെ ഇന്ത്യാക്കാരായ ആയിരത്തി അഞ്ഞൂറിൽപരം പ്രീസ്റ്റ്, സിസ്റ്റേഴ്സ്, ബ്രദേഴ്സിന്റെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡയറക്ടറിയുടെ പ്രകാശനവും നടത്തും.

# അന്താരാഷ്ട്ര റഫറൻസ് ഗ്രന്ഥത്തിൽ ക്നാനായ സമുദായ ചരിത്രവും

കോട്ടയം: ലോകത്തിനു മുന്നിൽ കേരളത്തെ സമഗ്രമായി അനാവരണം ചെയ്യുന്ന അന്താരാഷ്ട്ര പുസ്തകത്തിൽ ക്നാനായ സമുദായ ചരിത്രവും, പാരമ്പര്യങ്ങളും വിശദമാക്കുന്ന അദ്ധ്യായവും. ന്യൂജേഴ്സി ആസ്ഥാനമായുള്ള ഇന്റർ നാഷണൽ ഇൻസിറ്റിറ്റ്യൂട്ട് ഓഫ് അക്കാഡമിക് കൊളാബറേഷൻ പ്രസിദ്ധീകരിക്കുന്ന ഇൻട്രൊഡക്ഷൻ ടു കേരള സ്റ്റഡീസ് എന്ന ബൃഹദ് ഗ്രന്ഥത്തിലാണ് ക്നാനായ സമുദായത്തെപ്പറ്റി പ്രതിപാദിക്കുന്നത്. മോൺ ജേക്കബ് കൊല്ലാപറമ്പിൽ, മോൺ ജേക്കബ് വെള്ളിയാൻ, സെലിൻ ചാരാത്ത് എന്നിവർ ചേർന്നാണ് ക്നാനായ സമുദായ ചരിത്രത്തെപ്പറ്റിയുള്ള അദ്ധ്യായം തയ്യാറാക്കിയത്.




വിദേശ യൂണിവേഴ്സിറ്റികളിൽ കേരളത്തെപ്പറ്റി അറിയുന്നതിന് ഒരു റഫറൻസ് ബുക്കായും പ്രവാസി മലയാളികളുടെ രണ്ടാം തലമുറക്ക് അവരുടെ മാതൃ നാടിന്റെ പൈതൃകവും സംസ്കാരവും അടുത്തറിയാൻ പ്രചോദനമാവുകയും ചെയ്യുന്ന ഈ ഗ്രന്ഥത്തിൽ എൺപത്തിയഞ്ചോളം അദ്ധ്യായങ്ങളാണുള്ളത്.

രണ്ടു വാല്യങ്ങളിലായി മൊത്തം ആയിരത്തി അറുനൂറ് പേജുള്ള ഈ ഗ്രന്ഥം ഏപ്രിൽ വരെ പ്രീപബ്ലിക്കേഷൻ ഡിസ്കൗണ്ട് പ്രകാരം പകുതി വിലയ്ക്ക് ലഭ്യമാണെന്നും www.bookonkerala.com എന്ന വെബ് സൈറ്റ് വഴി പുസ്തകം ഓർഡർ ചെയ്യാമെന്നും പ്രസാധകരായ ഐ.ഐ.എസ്.എ.സി. അറിയിച്ചു. പുസ്തകത്തിന്റെ പ്രീ പബ്ലിക്കേഷൻ പ്രകാശനം ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തിരുവനന്തപുരത്ത് നിർവ്വഹിച്ചു. കോപ്പികൾക്കായി ഐ.ഐ.എസ്. എ.സി. അക്കാഡമിക് മാർക്കറ്റിംഗ് എക്സിക്യുട്ടീവ് സെലിൻ ചാരാത്തുമായി 9495664963 എന്ന നമ്പരിൽ ബന്ധപ്പെടുക.

പുസ്തകത്തിന്റെ പ്രസാധകരായ ഐ.ഐ.സി.എ.സിയുടെ സ്ഥാപകനും ആദ്യകാല ചെയർമാനും ന്യൂയോർക്കിലെ കൊളംബിയ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറുമായിരുന്ന നീറിക്കാട് ഇടവകാംഗം ഡോ.സണ്ണി ലൂക്ക് മറ്റത്തിപ്പറമ്പിലാണ് ഇംഗ്ലീഷിൽ ഏറെ ആധികാരികതയോടെ തയ്യാറാക്കുന്ന ഈ ഗ്രന്ഥത്തിന്റെ പ്രധാന അണിയറക്കാരിലൊരാളായി പ്രവർത്തിക്കുന്നത്.

# മൂറോൻ കൂദാശയും വിശുദ്ധ മൂന്നിൻമേൽ കുർബ്ബാനയും

മലങ്കര മഹാപരിശുദ്ധനായ പരുമല സെന്റ് ഗ്രീഗോറിയോസ് തിരുമേനിയുടെ നാമത്തിൽ 2006-ൽ സ്ഥാപിതമായ ഭാരതത്തിലെ ഏക ക്നാനായ ദേവാലയമായ പടഞ്ഞാറ്റോതറ സെന്റ് ഗ്രീഗോറിയോസ് ക്നാനായ സുറിയാനി പള്ളിയുടെ പുതിയതായി നിർമ്മിച്ച ദേവാലയത്തിന്റെ മൂറോൻ കൂദാശയും വിശുദ്ധ മൂന്നിൻമേൽ കുർബ്ബാനയും ഫെബ്രുവരി 7, 8 തീയതികളിൽ ക്നാനായ അതിഭദ്രാസനത്തിന്റെ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിലും കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് (കല്ലിശ്ശേരി മേഖല) കുറിയാക്കോസ് മാർ ഈവാനിയോസ് (റാന്നി മേഖല) എന്നീ മെത്രാപ്പോലീത്താമാരുടെ സഹ കാർമ്മികത്വത്തിലും നടത്തി. ശേഷം നടന്ന പൊതുസമ്മേളനത്തിൽ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് അദ്ധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാ പ്പോലീത്താ ഉദ്ഘാടനം നിർവ്വഹിച്ചു.

# മുല്ലപ്പെരിയാർ കേരള കോൺഗ്രസ് വീണ്ടും ശക്തമായ സമരത്തിന്; സമരഭൂമി സജീവമാകുന്നു

കോട്ടയം: മുല്ലപ്പെരിയാർ സമരം കേരളത്തിൽ വീണ്ടും സജീവമാകുന്നു. രാഷ്ട്രീയ പാർട്ടികൾ പിൻവലിഞ്ഞ മുല്ലപ്പെരിയാർ സമരം ആഴ്ച്ചകളായി കാര്യമായ ചലനങ്ങളൊന്നും ഉണ്ടാക്കിയിരുന്നില്ല.

സമരത്തിന് മുൻപന്തിയിലുണ്ടായിരുന്ന കേരള കോൺഗ്രസ് മാണി വിഭാഗം കോൺഗ്രസിന്റെ സമ്മർദ്ദം മൂലം പിൻവലിഞ്ഞതോടെ സമരം ശക്തി കുറയുകയായിരുന്നു. പ്രധാന മന്ത്രി നൽകിയ ഉറപ്പിൻ മേലാണ് സമരം പിൻവലിക്കുന്നതെന്ന് കേരള കോൺഗ്രസ് വ്യക്തമാക്കിയെങ്കിലും ഇതുവരെ അനുകൂലമായ ഒരു തീരുമാനവും കേന്ദ്രത്തിൽ നിന്ന് ഉണ്ടാകാത്തതാണ് സമരം വീണ്ടുമാരംഭിക്കാൻ കേരള കോൺഗ്രസിനെ പ്രേരിപ്പിക്കുന്നത്.

കേരള കോൺഗ്രസ് സമരരംഗത്ത് സജീവമാകുന്നതോടെ മുല്ലപ്പെരിയാർ സമരം വീണ്ടും കേരളത്തിൽ മാധ്യമ ശ്രദ്ധയിലേക്കെത്തുകയാണ്. സമരത്തിന് തുടക്കം കുറിച്ചുകൊണ്ട് 7-ന് രാവിലെ 10 മുതൽ വൈകിട്ട് 5 വരെ പാർട്ടി ജില്ലാ നേതാക്കൾ ചപ്പാത്തിലെ സമരപ്പന്തലിൽ ഉപവസിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ഓരോ മണ്ഡലം കമ്മിറ്റിയിൽ നിന്നുള്ള പ്രവർത്തകർ തുടർച്ചയായ ദിവസങ്ങളിൽ ഉപവാസം അനുഷ്ഠിക്കും. നാലിന് രാത്രി കോട്ടയത്തു നടന്ന പാർട്ടി ഹൈപവർ കമ്മിറ്റിയുടെ തീരുമാന പ്രകാരം തൊടുപുഴയിലെ ജില്ലാ കമ്മിറ്റി ചേർന്നാണ് സമരപ്രഖ്യാപനം നടത്തിയത്.

ഇടുക്കി ജില്ലാകമ്മിറ്റി സമരപ്രഖ്യാപനം നടത്തിയ അതേ സമയത്ത് കോട്ടയത്തെ പാർട്ടി ആസ്ഥാനത്ത് വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിൽ കെ.എം.മാണി മുല്ലപ്പെരിയാർ സംബന്ധിച്ച് നയം വ്യക്തമാക്കി. കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ പുതിയ അണക്കെട്ട് നിർമ്മിക്കണം.

പുതിയ അണക്കെട്ട് നിർമ്മിക്കുമ്പോൾ നഷ്ടമാകുന്ന അൻപത് ഹെക്ടർ വനത്തിന്റെ കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ ക്ളിയറൻസ് വേണം. പുതിയ അണക്കെട്ടിനുവേണ്ടി ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും വേണം. ഇക്കാര്യങ്ങൾ 8ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുമായി ചർച്ച ചെയ്യും.

വേണ്ടിവന്നാൽ സർവകക്ഷി സംഘം പ്രധാനമന്ത്രിയെ കാണണം. രണ്ട് മാസമായിട്ടും പ്രധാനമന്ത്രിയുടെ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ നിശബ്ദമായിരിക്കാനാവില്ല. 26ന് പാർട്ടിയുടെ സമ്പൂർണ സംസ്ഥാന കമ്മിറ്റി കോട്ടയത്ത് ചേർന്ന് ഭാവി പരിപാടികൾ തീരുമാനിക്കും.

# ഗണിതശാസ്ത്ര വർഷാചരണം തുടങ്ങി

കോട്ടയം: ഗണിതശാസ്ത്ര വർഷാചരണത്തോടനുബന്ധിച്ച് ബി.സി.എം. കോളേജിലും ഗണിതശാസ്ത്ര വർഷാചരണം നടപ്പാക്കുന്നു. ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനം ബഹു. റവന്യു മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. പ്രിൻസിപ്പൽ സിസ്റ്റർ ഡോ. കരുണ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. തോമസ് ചാഴികാടൻ മുഖ്യ പ്രഭാഷണവും പ്രൊഫ. ജോർജ് മാത്യു സ്വാഗതവും, ആഷി സൂസൻ കുര്യാക്കോസ് നന്ദിയും പറഞ്ഞു.

ഗണിതശാസ്ത്ര വർഷാചരണത്തിന്റെ ഭാഗമായി എസ്.പി.എസ്.എസ്. എന്ന നൂതന സോഫ്റ്റ്വെയർ ഉപയോഗിച്ച് സ്റ്റാറ്റിസ്റ്റിക്കൽ ഡേറ്റ അനലൈസ് ചെയ്യുന്നതിനെക്കുറിച്ച് കോളേജിൽ ദേശീയ ശില്പശാല നടത്തി.

ബി.സി.എം. കോളേജിലെ ഗണിതശാസ്ത്ര വിഭാഗം അദ്ധ്യാപികയും വൈസ് പ്രിൻസിപ്പലുമായിരുന്ന സിസ്റ്റർ ലൂസിയായുടെ സ്മരണാർത്ഥം നടത്തിയ അഖില കേരള ഇന്റർ കോളേജിയറ്റ് മാത്തമാറ്റിക്സ് ക്വിസ് മത്സരത്തിൽ വിവിധ കേളേജുകളെ പ്രതിനിധാനം ചെയ്ത് ഇരുപത്തിരണ്ട് ടീമുകൾ പങ്കെടുത്തു. എസ്.ബി. കോളേജ് ചങ്ങനാശ്ശേരി, സെന്റ് തോമസ് കോളേജ് തൃശൂർ, കെ.ഇ. കോളേജ് മാന്നാനം യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടി. ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. സ്റ്റീഫൻ ആനാലിൽ വിജയികൾക്ക് ട്രോഫിയും കാഷ് അവാർഡും സമ്മാനിച്ചു.

ക്നാനായ വോയ്സ്

എല്ലാ ഞായറാഴ്ചയും നിങ്ങളുടെ ഇ-മെയിലിൽ ലഭിക്കുവാൻ news@knanayavoice.com എന്ന അഡ്രസ്സിൽ എഴുതുക.

പ്രസിദ്ധീകരണ യോഗ്യമായ വാർത്തകളും വിശേഷങ്ങളും kvoicenews@gmail.com എന്ന അഡ്രസ്സിലേക്ക് അയച്ചു തരിക.

# മണപ്പുറം ഫിനാൻസിൽ പണം നിക്ഷേപിക്കരുതെന്ന് റിസർവ് ബാങ്ക്; വാർത്ത മാധ്യമങ്ങൾ മുക്കി

മുംബൈ: മണപ്പുറം ഫിനാൻസിൽ പണം നിക്ഷേപിക്കരുതെന്ന് റിസർവ് ബാങ്ക് മുന്നറിയിപ്പ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്ട്, 1934 അനുസരിച്ച് നിക്ഷേപങ്ങൾ വാങ്ങാനോ പുതുക്കാനോ സ്ഥാപനത്തിന് അനുമതിയില്ലെന്നാണ് റിസർവ് ബാങ്ക് അറിയിക്കുന്നത്.

2012 ഫെബ്രവരി ആറിനാണ് ഇത് വ്യക്തമാക്കുന്ന ഉത്തരവ് റിസർവ് ബാങ്ക് പുറത്തിറക്കിയത്. മണപ്പുറം ഫിനാൻസിന്റെ പേരിലോ മണപ്പുറം അഗ്രോ ഫാം (മാഗ്രോ) എന്ന പേരിലോ നേരിട്ട് നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് ശിക്ഷാർഹമാണെന്നും ബാങ്ക് വ്യക്തമാക്കുന്നു. പൊതുജനങ്ങളിൽ നിന്നും മണപ്പുറത്തിന്റെ വിവിധ ശാഖകളിലൂടെ നിക്ഷേപങ്ങൾ സ്വീകരിച്ചതിനു ശേഷം നൽകുന്ന റസീറ്റ് മണപ്പുറം അഗ്രോ ഫാമിന്റേതാണ്. അഗ്രോ ഫാം എന്നത് വി.പി. നന്ദകുമാർ എന്നയാളുടെ പേരിലുള്ള സ്വകാര്യ സ്വത്താണ്. ഇത് സംബന്ധിച്ച് ടൈംസ് ഓഫ് ഇന്ത്യയാണ് വാർത്ത പുറത്ത് വിട്ടത്.

തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മണപ്പുറം ഫിനാൻസ് ഇന്ത്യയിലെ ഏറ്റവും വലിയ ഗോൾഡ് ലോൺ കമ്പനികളിലൊന്നാണ്. നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് വിലക്കുണ്ടെങ്കിലും നിലവിലെ സ്വർണവായ്പാ നടപടികൾ തുടങ്ങുന്നതിന് യാതൊരു വിലക്കും ഏർപ്പെടുത്തിയിട്ടില്ല. മണപ്പുറം ജനറൽ ഫിനാൻസ് ആന്റ് ലീസിങ് എന്ന പേരിൽ നേരത്തെ അറിയപ്പെട്ടിരുന്ന കമ്പനി നോൺ ഡിപ്പോസിറ്റ് ടേക്കിങ്, നോൺ ബാങ്കിങ് ഫിനാൻഷ്യൽ കമ്പനി എന്ന കാറ്റഗറിയിലാണ് ഇപ്പോഴുള്ളത്. നോൺ കൺവെർട്ടബിൾ ഡിബെഞ്ചറുകളിലൂടെ മാത്രമാണ് കമ്പനി ഇപ്പോൾ പണം സ്വീകരിക്കുന്നത്.

റിസർവ് ബാങ്കിന്റെ സുപ്രധാനമായ ഉത്തരവ് വാർത്തയാക്കാൻ മലയാളത്തിലെ മാധ്യമങ്ങൾ തയ്യാറായിട്ടില്ലെന്നതും ശ്രദ്ധേയമാണ്. മിക്ക മാധ്യമങ്ങൾക്കും പരസ്യം നൽകുന്നുവെന്നതുകൊണ്ടാണ് ഈ വാർത്ത തിരസ്കരിക്കാൻ മാധ്യമങ്ങൾ ശ്രമിച്ചതെന്നാണ് ഉയർന്നിരിക്കുന്ന ആക്ഷേപം.

ബി.എസ്.ഇയിൽ എ ഗ്രൂപ്പിലെത്തിയ കേരളത്തിലെ രണ്ടാമത്തെ സ്ഥാപനം കൂടിയാണ് മണപ്പുറം ഫിനാൻസ്.

പ്രശ്നം വെളിയിൽ വന്നതോടെ റിസർവ് ബാങ്ക് നിർദ്ദേശത്തെ വ്യാഖ്യാനിച്ചുകൊണ്ട് മണപ്പുറം മാനേജ്മെന്റ് രംഗത്ത് വന്നിട്ടുണ്ട്. റിസർബാങ്കിന്റെ ഉത്തരവ് വാർത്തയാക്കാതിരുന്ന മാധ്യമങ്ങൾ മാനേജ് മെന്റിന്റെ വിശദീകരണം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. മണപ്പുറം ഫിനാൻസ് ലിമിറ്റഡ് പൊതു നിക്ഷേപം (പബ്ലിക് ഡെപ്പോസിറ്റ്) സ്വീകരിക്കരുതെന്നാണ് റിസർവ് ബാങ്ക് നിർദ്ദേശമെന്നും ഓഹരികളാക്കി മാറ്റാൻ പറ്റാത്ത കടപ്പത്രങ്ങളിലൂടെയും (എൻ.സി.ഡി.) സബോർഡിനേറ്റ് ബോണ്ടുകളിലൂടെയും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് നിയമപരമായ തടസങ്ങളില്ലെന്നും മണപ്പുറം മാനേജിങ് ഡയറക്ടർ ഐ. ഉണ്ണികൃഷ്ണൻ അറിയിച്ചു.

ഇങ്ങനെയൊരു വാർത്ത വന്നതോടെ മണപ്പുറം ഫിനാൻസിന്റെ ഓഹരി വില വിപണിയിൽ കുത്തനെ ഇടിയുകയുണ്ടായി.

# നോമ്പുകാലം അനുഗ്രഹമാക്കാൻ തൂവാനീസാ ശുശ്രൂഷകൾ

കോതനല്ലൂർ: തൂവാനീസാ പ്രാർത്ഥനാലയത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും ബുധനാഴ്ചകളിലും പ്രത്യേക നോമ്പുകാല ശുശ്രൂഷകളും കുമ്പസാരത്തിന് അവസരവും ഒരുക്കുന്നു. എല്ലാ ബുധുനാഴ്ചകളിലും രാവിലെ 9.30 മുതൽ സമ്പൂർണ്ണ ജപമാല, കുരിശിന്റെ വഴി, ദിവ്യകാരണ്യാരാധന, വചന പ്രഘോഷണം, വി. കുർബ്ബാന എന്നീ ശുശ്രൂഷകൾ ഉച്ചകഴിഞ്ഞ് മൂന്ന് മണി വരെ നടത്തപ്പെടുന്നു. കൂടാതെ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ച കഴിഞ്ഞ് രണ്ടു മുതൽ നാലു വരെ ജപമാലയും കുരിശിന്റെ വഴിയും. വൈകിട്ട് 6.30 മുതൽ ജപമാല, കുരിശന്റെ വഴി, ആരാധന, വി. കുർബ്ബാന എന്നീ ശുശ്രൂഷകൾ രാത്രി 12.30 വരെ നടത്തപ്പെടുന്നു.

ജാഗരണ പ്രാർത്ഥനയിൽ പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കുന്ന ഇടവകകകൾ: ഫെബ്രുവരി 17 വെള്ളിയാഴ്ച കടുത്തുരുത്തി ഇടവക, ഫെബ്രുവരി 24 വെള്ളിയാഴ്ച ഇരവിമംഗലം ഇടവക, മാർച്ച് 3 വെള്ളിയാഴ്ച തോട്ടറ ഇടവക.

രാത്രിയുടെ യാമങ്ങളിൽ ഉണർന്ന് തൂവാനീസായോടൊപ്പം പ്രാർത്ഥിച്ച് നോമ്പുകാലം ഫലദായകമാക്കാൻ ഏവരേയും ക്ഷണിക്കുന്നു. പ്രാർത്ഥനാ നിയോഗങ്ങൾ ഫാ. ഡയറക്ടർ, തൂവാനീസ പ്രയർ ഹൗസ്, കോതനല്ലൂർ പി.ഒ., കോട്ടയം 686632 എന്ന വിലാസത്തിലോ. frjibil@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ, 9496461950 എന്ന മൊബൈൽ നമ്പറിലോ വിളിച്ച് അറിയിക്കാവുന്നതാണ്.

# അതിരൂപതാ വൈദികസംഗമം ശ്രീപുരത്ത്

കോട്ടയം: അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെ സംഗമം ഫെബ്രുവരി 14, 15 തീയതികളിൽ കണ്ണൂർ ശ്രീപുരം ബഹുമറിയം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. വൈദികർ തമ്മിൽ പരസ്പരം അറിയുക, കൂട്ടായ്മ വർദ്ധിപ്പിക്കുക, കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ വൈദിക സംഗമത്തിനുള്ളത്. 14-ാം തീയതി രാവിലെ മാർ ജോസഫ് പണ്ടാരശ്ശേരിലിന്റെ ആമുഖ പ്രസംഗത്തോടെ സംഗമം ആരംഭിക്കും. തുടർന്ന് റവ.ഡോ. ജോസഫ് പാംപ്ലനി കത്തോലിക്ക സഭ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ ക്ലാസ്സെടുക്കും.

വൈകിട്ട് 6-ന് മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത സന്ദേശം നൽകും. തുടർന്ന് ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ അജപാലന പ്രവർത്തനത്തെക്കുറിച്ചുള്ള വിഷയം അവതരിപ്പിക്കും.

## തിരുനാൾ വിശേഷങ്ങൾ

ചേർപ്പുങ്കൽ കല്ലൂർ വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹൻമാരുടെ പള്ളിയിൽ വി.സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ ഫെബ്രുവരി 10 മുതൽ 13 വരെ തീയതികളിൽ നടക്കും.

.................................................

നീറിക്കാട് ക്നാനായ കത്തോലിക്കാ പള്ളിയിൽ വി. ലൂർദ്ദ് മാതാവിന്റെയും വി. സെബസ്ത്യാനോസിന്റെയും തിരുനാൾ ഫെബ്രുവരി 8 മുതൽ 12 വരെ തീയതികളിൽ ആഘോഷിക്കുന്നു.

.................................................

മാറിക പുത്തൻപള്ളിയിൽ വി. അന്തോനീസിന്റെ തിരുനാൾ ഫെബ്രുവരി 10 മുതൽ 12 വരെ തീയതികളിൽ ആഘോഷിക്കുന്നു.

.................................................

മള്ളൂശ്ശേരി സെന്റ് തോമസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ പരി. കന്യകാ മറിയത്തിന്റെ തിരുനാൾ ഫെബ്രുവരി 8 മുതൽ 12 വരെ തീയതികളിൽ നടക്കുന്നു.

.................................................

കല്ലറ പുത്തൻ പള്ളിയിൽ പരി. വ്യാകുല മാതാവിന്റെ ദർശന തിരുനാൾ ഫെബ്രുവരി 8 മുതൽ 12 വരെ തീയതികളിൽ ആഘോഷിക്കുന്നു.

# അതിരൂപതാ മിഷൻ ലീഗിന് നവ നേതൃത്വം

കോട്ടയം: ചെറുപുഷ്പ മിഷൻ ലീഗ് കോട്ടയം അതിരൂപതയുടെ അടുത്ത മൂന്ന് വർഷത്തേക്കുള്ള ഭാരവഹികളെ തെരഞ്ഞടുത്തു. സിജോയ് പറപ്പള്ളിൽ കട്ടച്ചിറ (പ്രസിഡന്റ്), ജോഹി എഴുമാമറ്റം പള്ളിശ്ശേരി (വൈസ് പ്രസിഡന്റ്), അജീഷ് കൊണ്ടാടുംപടവിൽ മ്രാല (ജന. സെക്രട്ടറി), അൻസോ മണ്ണാത്തുമാക്കിൽ മാറിടം (ജോ.സെക്രട്ടറി), സിജിൻ ഒഴുകയിൽ കുറുമള്ളൂർ (ജന.ഓർഗനൈസർ), എബിൻ എടാട്ടുകുന്നേച്ചാലിൽ ഉഴവൂർ, സച്ചിൻ കൊച്ചുമാലിയിൽ കിഴക്കേനട്ടാശ്ശേരി, അരുൺ പൂക്കുമ്പേൽ കരിങ്കുന്നം, അനിറ്റ് ചെറുകാട്ടുപറമ്പിൽ കല്ലറി (റീജ. ഓർഗനൈസേർസ്), റോണി കോച്ചേരിൽ പറമ്പഞ്ചേരി, ആൽബിൻ താഴത്തരീക്കാട്ടുകര അമനകര (സംസ്ഥാന പ്രതിനിധികൾ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

കോട്ടയം സെന്റ് ആൻസ് സ്കൂളിൽ വെച്ചു നടന്ന അതിരൂപതാ അതിരൂപതാ മാനേജിംഗ് കമ്മറ്റിയാണ് തെരഞ്ഞെടുപ്പ് നടത്തിയത്. അതിരൂപതാ ഡയറക്ടർ ഫാ. ജോബി പൂച്ചുകണ്ടം, ദേശീയ ഓർഗനൈസർ സൂജി പുല്ലക്കാട്ട്, ദേശീയ സമിതി അംഗം കെ.കെ. ജെയിംസ് കൊച്ചുപറമ്പിൽ എന്നിവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സിജോയ് മിഷൻലീഗ് ശാഖാ മേഖല, അതിരൂപതാ തലങ്ങളിൽ വിവിധസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കൊച്ചി ഇൻഫോപാർക്കിൽ ഐ.ടി. വിദഗ്ദ്ധനായി ജോലി ചെയ്യുന്നു. കട്ടച്ചിറ പറപ്പള്ളിൽ സിറിയക് ആലീസ് ദമ്പതികളുടെ മകനാണ്. ഭാര്യ ഡോ.ബിബിത. വൈസ് പ്രിസിഡന്റ് ജോബി മള്ളൂശ്ശേരി എഴുമാമറ്റം എ.റ്റി.ജോസ് ഏലിയാമ്മ ദമ്പതികളുടെ മകനാണ്. കെ.എസ്. ഇ.ബി. ഉദ്യോഗസ്ഥൻ ഭാര്യ ബിൻസി. ജന.സെക്രട്ടറി അജീഷ്, മ്യാല കൊണ്ടുംപടവിൽ എബ്രഹാം അന്നമ്മ ദമ്പതികളുടെ മകനാണ്. എം.എസ്.ഡബ്ല്യു. വിദ്യാർത്ഥി. ജോ.സെക്രട്ടറി അൻസോ, മാറിടം മണ്ണാത്തുമാക്കിൽ ഫിലിപ്പ് സോഫി ദമ്പതികളുടെ മകളാണ്. പ്ലസ് ടു വിദ്യാർത്ഥിനി. ജന.ഓർഗനൈസർ സിജിൻ കുറുമള്ളൂർ ഒഴുകയിൽ സിറിയക് പെണ്ണമ്മ ദമ്പതികളുടെ മകനാണ്. ഫൈനൽ ഇയർ ബിഫാം. വിദ്യാർത്ഥിയുമാണ്.

ക്നാനായ വാർത്തകൾ ഒരു നിമിഷം മുമ്പേ
ക്നാനായ വോയ്സ്
www.knanayavoice.com

# സൗത്ത് ഫ്ളേറിഡാ ക്നാനായ മിഷന് നവ സാന്നിദ്ധ്യം



സൗത്ത് ഫ്ളോറിഡ: സെന്റ് ജൂഡ് ക്നാനായ കാത്തലിക് മിഷന്റെ പുതിയ സാരഥികൾ മിഷൻ ഡയറക്ടർ ഫാ. സ്റ്റീഫൻ വെട്ടുവേലിലിന്റെ നേതൃത്വത്തിൽ ദിവ്യബലി മദ്ധ്യേ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

കൈക്കാരന്മാർ സ്റ്റീഫൻ ഒട്ടപ്പള്ളി, തോമസ് കഞ്ഞിച്ചാട്ടുതറ, അക്കൗണ്ടന്റ് ബേബിച്ചൻ പാറാനിക്കൽ, അസോസിയേറ്റ് പി.ആർ.ഒ. അശോക് വട്ടപ്പറമ്പിൽ, പാരിഷ് കൗൺസിൽ അംഗങ്ങൾ, മിഷനിലെ വിവിധ കൂടാര യോഗങ്ങളുടെ ഭാരവാഹികൾ എന്നിവരാണ് സ്റ്റീഫൻ അച്ചന്റെയും അതിഥിയായ ലൂക്ക് കളരിക്കൽ അച്ചന്റെയും അനുഗ്രഹാശിസ്സുകളേടെ സ്ഥാനമേറ്റത്.

മുൻവർഷങ്ങളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച കൈക്കാരൻമാർ റോബി കല്ലിടാന്തിയിൽ, ഷിബു മക്കോറ, അക്കൗണ്ടന്റ് സ്റ്റീഫൻ തറയിൽ, പി.ആർ.ഒ. എബി തെക്കനാട്ട് എന്നിവരോടും അവരുടെ കുടുംബാംഗങ്ങളോടുമുള്ള നന്ദിയും കടപ്പാടും അതോടൊപ്പം പുതുതായി സ്ഥാനമേറ്റെടുത്തവർക്കുള്ള ആശംസകളും സ്റ്റീഫൻ അച്ചൻ തന്റെ പ്രസംഗത്തിൽ രേഖപ്പെടുത്തി.

# കെ.സി.എസ്. വിമൻസ് ഫോറം ഫാമിലി നൈറ്റ് ശ്രദ്ധേയമായി



ചിക്കാഗോ: ക്നാനായ കാത്തലിക് സൊസൈറ്റിയുടെ വനിതാ വിഭാഗമായ കെ.സി.എസ്. വിമൻസ് ഫോറത്തിന്റെ ഫാമിലി നൈറ്റ് വിവിധ പരിപാടികളോടെ ആഘോഷിച്ചു. ജനുവരി 28-ാം തീയതി ശനിയാഴ്ച നൈൽസിലുള്ള ലോൺട്രി മാനർ ബാങ്ക്വറ്റ് ഹാളിൽ നടത്തപ്പെട്ട ആഘോഷ പരിപാടികൾ ചിക്കാഗോ സേക്രട്ട് ഹാർട്ട് ഇടവക വികാരി ഫാ. സജി പിണർകയിൽ ഉദ്ഘാടനം ചെയ്തു.

വിമൻസ് ഫോറം പ്രസിഡന്റ് ഗ്രേസി വാച്ചാച്ചിറ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കെ.സി.എസ്. പ്രസിഡന്റ് സിറയക് കൂവക്കാട്ടിൽ 2012 കെ.സി.സി.എൻ.എ. കൺവീനർ ചെയർമാൻ ജയിംസ് ഇല്ലിക്കൽ, ജന. കൺവീനർ ടോമി മ്യാൽക്കരപ്പുറം എന്നിവർ പ്രസംഗിച്ചു.

വിമൻസ്ഫോറം സെക്രട്ടറി ലിസ്സി തോട്ടപ്പുറം സ്വാഗതവും ട്രഷറർ മേഴ്സി തിരുനെല്ലിപ്പറമ്പിൽ കൃതജ്ഞതയും കെ.സി.എസ്. സെക്രട്ടറി സൈമൺ മുട്ടത്തിൽ നന്ദിയും പറഞ്ഞു. വൈസ്. പ്രസിഡന്റ് ഡെല്ല നെടിയകാലായിൽ എ.സി. യായിരുന്നു.

# ക്നാനായ കൺവൻഷൻ: ചിക്കാഗോ കിക്കോഫിൽ റെക്കോർഡ് രജിസ്ട്രേഷൻ



*ഡയമണ്ട് സ്പോൺസർമാരായ മാത്യു പൂത്തുറയിൽ നിന്നും ഫാ. വള്ളൂരാറ്റിൽ രജിസ്ട്രേഷൻ സ്വീകരിക്കുന്നു. ഇടതുനിന്ന് മത്യാസ് പുല്ലാപ്പള്ളിൽ, ഷിജു ചെറിയത്തിൽ, ജോമോൻ തൊടുകയിൽ, തങ്കച്ചൻ വെട്ടിക്കാട്ടിൽ, ദീപു കണ്ടാരപ്പള്ളി, ടോമി മ്യാൽക്കരപ്പുറത്ത്, ജെയിംസ് ഇല്ലിക്കൽ, സിറിയക് കൂവക്കാട്ടിൽ, ബിജു, ബിനോയ്, ബിനു പൂത്തൂറയിൽ, ജിഷ, ബിൻസി, ജിജോ പുത്തൂറയിൽ, സൈമൺ മുട്ടത്തിൽ എന്നിവർ സമീപം*

ചിക്കാഗോ: ഓർലാന്റോയിൽ വച്ച് 2012 ജൂലൈ 26 മുതൽ 29 വരെ നടക്കുന്ന ക്നാനായ കൺവൻഷന്റെ ചിക്കോഗോയിൽ വച്ച് നടന്ന കിക്കോഫിൽ റെക്കോർഡ് രജിസ്ട്രേഷൻ.

ജനുവരി 29-ാം തീയതി ഞായറാഴ്ച ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടന്ന കിക്കോഫിൽ ഒരു ഡയമൺഡ് സ്പോൺസറും മൂന്ന് മെഗാ സ്പോൺസർമാരും പത്ത് ഗ്രാന്റ് സ്പോൺസർമാരുമുൾപ്പെടെ ഇരുനൂറിൽ പരം കുടുംബങ്ങൾ ഓർലാന്റോ കൺവെൻഷനിൽ പങ്കെടുക്കുവാൻ ചിക്കാഗോയിൽ നിന്നും തയ്യാറായി മുന്നോട്ടു വന്നു.

ക്നാനായ കൺവെൻഷന്റെ ചരിത്രത്തിൽ ചിക്കാഗോയിൽ നിന്നും കിക്കോഫ് മേളയിൽ തന്നെ ഇത്രയധികം രജിസ്ട്രേഷൻ ചരിത്രത്തിൽ ആദ്യമായാണെന്ന് അദ്ധ്യക്ഷൻ കെ.സി.എസ്. പ്രസിഡന്റ് സിറിയക് കൂവക്കാട്ടിൽ പറഞ്ഞു. ഫാ. ജോർജ് വള്ളൂരാറ്റിൽ ഡയമണ്ട് സ്പോൺസർമാരായ മാത്യു - അൽഫോൻസ പൂത്തുറയിൽ ഫാമിലിയിൽ നിന്നും രജിസ്ട്രേഷൻ സ്വീകരിച്ച് യോഗം ഉദ്ഘാടനം ചെയ്തു.

ഡയമണ്ട് സ്പോൺസർമാരായി മുന്നോട്ടു വന്ന മാത്യു പൂത്തുറയിൽ, മെഗാ സ്പോൺസർമാരായ ജോണി പുത്തൻ പറമ്പിൽ, ജെയ്മോൻ നന്ദിക്കാട്ട്, സജി പണയപ്പറമ്പിൽ എന്നിവരുടേയും പത്ത് ഗ്രാന്റ് സ്പോൺസർമാരടക്കം കൺവൻഷനിൽ പങ്കെടുക്കുവാൻ മുന്നോട്ടു വന്ന ഇരുനൂറിലധികം കുടുംബങ്ങളെ കൺവൻഷൻ ചെയർമാൻ ജെയിംസ് ഇല്ലക്കനും കൺവീനർ ടോമി മ്യാൽക്കരപ്പുറവും അഭിനന്ദിച്ചു. രജിസ്ട്രേഷൻ പ്രവർത്തനങ്ങൾക്ക് കെ.സി.എസ്. എക്സിക്യുട്ടീവ് അംഗങ്ങളായ സിറിയക് കൂവക്കാട്ടിൽ, ബിനു പൂത്തുറയിൽ, സൈമൺ മുട്ടത്തിൽ, മത്യാസ് പുല്ലാപ്പള്ളിൽ, ജോമോൻ തൊടുകയിൽ എന്നിവരും കെ.സി.സി.എൻ.എ. ആർ.വി.പി. ഷിജു ചെറിയത്തിൽ, കെ.സി.സി.എൻ.എ. ട്രഷറർ നിമി തുരുത്തുവേലിൽ കൺവൻഷൻ കോ-ചെയർമാൻ വിപിൻ ചാലുങ്കൽ വിമൻസ് ഫോറം പ്രസിഡന്റ് ഗ്രേസി വാച്ചാച്ചിറ മറ്റ് നാഷണൽ കൗൺസിൽ അംഗങ്ങളായ ജോർജ് നെല്ലാമറ്റം, ടിനു പറഞ്ഞാട്ട്, രാജു ഇഞ്ചേനാട്ട്, ഷാജി പള്ളിവീട്ടിൽ എന്നിവർ നേതൃത്വം നല്കി.

# സാൻഹോസെയിലും ക്നാനായ ദേവാലയം യാഥാർത്ഥ്യമായി



സാൻഹോസെ: സെന്റ് മേരീസ് ക്നാനായ കാത്തലിക് മിഷനും സ്വന്താമായി ദേവാലയം യാഥാർത്ഥ്യമായി. മിഷൻ ഡയറക്ടർ റവ. ഫാ. സ്ടാനി ഏടത്തിപ്പറമ്പിലിന്റെ നേതൃത്വത്തിൽ പള്ളിക്കമ്മറ്റി നടത്തിയ പരിശ്രമങ്ങളാണ് അമേരിക്കയിലെ പതിനൊന്നാമത്തെ ക്നാനായ പള്ളി സാൻഹോ സായിൽ ഉയരുവാൻ നിമിത്തമായത് ഈ സുപ്രധാന നേട്ടം കൈവരിച്ച ക്നാനായ അംഗങ്ങളേയും സ്ടാനി ഏടത്തിപ്പറമ്പിലച്ചനേയും വികാർ ജനറാൾ മോൺ ഏബ്രഹാം മുത്തോലത്ത് അഭിനന്ദിച്ചു.

**മൈലാഞ്ചി, ചന്തംചാർത്ത്, വിവാഹം, സമ്മേളനങ്ങൾ, കൺവൻഷനുകൾ പ്രിയപ്പെട്ടവരുടെ വേർപാട് ഇവ www.knanayavoice.com-ൽ തൽസമയം കാണുവാൻ**

ബന്ധപ്പെടുക
യു.എസ്.എ: 7732342685, ഇന്ത്യ: 9447475735,
യു.കെ.: 07861739053, ഓഷ്യാന: +61422435158
ഗൾഫ്: +971506845644

# ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ടിന് മാഞ്ചസ്റ്ററിൽ സ്വീകരണം



മാഞ്ചസ്റ്റർ: കോട്ടയം അതിരൂപതാ ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ടിന് മാർച്ച് 4 ഞായറാഴ്ച മാഞ്ചസ്റ്റിൽ സ്വീകരണം നടത്തും. വൈകുന്നേരം നാലിന് വിഥിൻഷോ സെന്റ് ആന്റണീസ് ദേവാലയത്തിലാണ് സ്വീകരണ പരിപാടി. തുടർന്ന് നടക്കുന്ന ആഘോഷമായ ദിവ്യബലിയിൽ അദ്ദേഹം മുഖ്യകാർമ്മികതം വഹിക്കും.

തുടർന്ന് എം.കെ.സി.എ. യുടെ ആഭിമുഖ്യത്തിൽ സെന്റ് ആന്റണീസ് സ്കൂൾ ഹാളിൽ അദ്ദേഹത്തിന് സ്വീകരണം നൽകും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട യു.കെ.കെ.സി.എ. സെൻട്രൽ കമ്മിറ്റി അംഗങ്ങൾക്കും സ്വീകരണം നൽകും. തുടർന്ന് മാർ മാത്യു മൂലക്കാട്ട് എം.കെ.സി.എ. ജനറൽ ബോഡിയെ അഭിസംബോധന ചെയ്ത് സംസാരിക്കും. എം.കെ.സി.എ. യുടെ കലാപ്രതിഭകൾ അണിനിരക്കുന്ന വിവിധ കലാപരിപാടികൾ അരങ്ങേറും. സ്നേഹവിരുന്നോടെ പരിപാടികൾ സമാപിക്കും.

# ജിമ്മി കുന്നശ്ശേരി ഫൊക്കാന കൺവൻഷൻ കൺവീനർ



ഹൂസ്റ്റൺ: ജൂൺ 30 മുത ൽ ജൂലൈ 3 വരെ ഹൂസ്റ്റണിൽ നടക്കുന്ന ഫൊക്കാനയുടെ പതിനഞ്ചാമത് അന്തർദ്ദേശീയ കൺവൻഷന്റെ കൺവീനറായി ഹൂസ്റ്റണിൽ നിന്നുള്ള ജിമ്മി കുന്നശ്ശേരിയെ തിരഞ്ഞെടുത്തതായി കൺവീനർ ചെയർമാൻ എബ്രഹാം ഈപ്പൻ (പൊന്നച്ചൻ) അറിയിച്ചു.

ഹൂസ്റ്റണിലെ അറിയപ്പെടുന്ന സാമൂഹ്യപ്രവർത്തകനാണ് ജിമ്മി. ഹൂസ്റ്റണിൽ റേഡിയോളജി ടെക്നോളജിസ്റ്റായി സേവനമനുഷ്ഠിക്കുന്ന ജിമ്മി, ക്നാനായ കാത്തലിക് സൊസൈറ്റിയുടെ സജീവ പ്രവർത്തകനും കൂടിയാണ്. വളരെ ചുരുങ്ങിയ കാലം കൊണ്ട് ഹൂസ്റ്റണിൽ ക്നാനായ കാത്തലിക് കമ്മ്യൂണിറ്റിയെ വളർച്ചയുടെ പാതയിലേക്ക് നയിച്ച വ്യക്തിയാണ് ജിമ്മി.

ഹൂസ്റ്റൺ ക്നാനായ കാത്തലിക് അസ്സോസിയേഷന്റെ പ്രസിഡന്റ്, ഹൂസ്റ്റൺ ക്നാനായ കാത്തലിക് മിഷൻ ട്രസ്റ്റി, ക്നാനായ കാത്തലിക് കോൺഗ്രസ് എക്സി.വൈസ് പ്രസിഡന്റ്, ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റി ബിൽഡിംഗ് ബോർഡ് മെമ്പർ, എക്യൂമിനിക്കൽ ഇന്ത്യൻ ക്രിസ്ത്യൻ കമ്മ്യൂണിറ്റിയുടെ ഡെലിഗേറ്റ്, ഗാൾവെസ്റ്റൺ ഹൂസ്റ്റൺ ഡയോസിസ് ഏഷ്യൻ മാസ് കോഓർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ച് ശോഭിച്ച ജിമ്മി നൂതന സാങ്കേതിക വിദ്യയുടെ മേച്ചിൽപുറമാണ്.

ഇദ്ദേഹത്തിന്റെ സേവനം ഫൊക്കാനയുടെ കൺവൻഷന് ഏറെ പ്രയോജനപ്പെടുമെന്ന് പ്രസിഡന്റ് ജി.കെ. പിള്ളയും ചെയർമാൻ എബ്രഹാം ഈപ്പനും അഭിപ്രായപ്പെട്ടു.

# യുകെയിൽ പുതിയ ഇമിഗ്രേഷൻ ഫീസിനു ശുപാർശ

ലണ്ടൻ: യുകെയിൽ പുതിയ ഇമിഗ്രേഷൻ ഫീസ് ഏർപ്പെടുത്തുന്നതിനുള്ള ശുപാർശ ഇമിഗ്രേഷൻ മന്ത്രി ഡാമിയൻ ഗ്രീൻ അവതരിപ്പിച്ചു. ഇത് അംഗീകരിക്കപ്പെട്ടാൽ വീസ ഫീസിലും യുകെ ബേസ്ഡ് വീസ ആപ്ലിക്കേഷൻ ഫീസിലും വർധനയുണ്ടാകും.

രണ്ടു റെഗുലേഷനുകളായി ശുപാർശകൾ പാർലമെന്റിൽ അവതരിപ്പിക്കും. അംഗീകാരം ലഭിച്ചാൽ ഈ വർഷം ഏപ്രിൽ ആറു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

ഇമിഗ്രേഷൻ സംവിധാനത്തിൽനിന്നു പ്രയോജനം ലഭിക്കുന്നവർ അതു നടത്തിപ്പിനു വേണ്ടിവരുന്ന ചെലവിന്റെ ഒരംശം വഹിക്കേണ്ടതാണ് എന്ന ആശയമാണ് ഫീസ് വർധനയ്ക്കു പിന്നിലെന്നു ഗ്രീൻ വിശദീകരിച്ചു. ഇതു യുകെ പൗരൻമാരുടെ നികുതി ബാധ്യത കുറയ്ക്കുമെന്നും മന്ത്രി അറിയിച്ചു.

മിക്ക കാറ്റഗറികളിലും രണ്ട് ശതമാനം വർധനയാണ് നിർദേശിച്ചിരിക്കുന്നത്. ചില റൂട്ടുകളിൽ മാത്രം കൂടുതൽ വർധനയും ശുപാർശ ചെയ്യുന്നു.

# ഞെട്ടിക്കുന്ന ശമ്പളം, അതിലും വലിയ സത്യസന്ധത: ക്നാനായ യുവാവിനു ഓസ്ട്രേലിയയിൽ അഭിനന്ദനങ്ങൾ



ക്യാൻബറ: ലോകമെമ്പാടുമുള്ള മലയാളികളിൽ ഏറ്റവും കൂടുതൽ ശമ്പളം കൈപ്പറ്റിയതിനുള്ള അവാർഡ് ഉണ്ടെങ്കിൽ അത് ഇനി ഓസ്ട്രേലിയയിൽ ജോലി ചെയ്യുന്ന കല്ലറ പഴയപള്ളി ഇടവകാംഗമായ ജോർജ്ജുകുട്ടി മാറ്റത്തികുന്നേലിനു സ്വന്തം.

ക്യാൻബറയിൽ നഴ്സായി ജോലി ചെയ്യുന്ന ജോർജ്ജുകുട്ടി കഴിഞ്ഞ മാസം കിട്ടിയ രണ്ടാഴ്ച്ചത്തെ പേ സ്ലിപ്പ് കണ്ടപ്പോൾ അക്ഷരാർത്ഥത്തിൽ ഞെട്ടുകയായിരുന്നു. ടാക്സ് കട്ടു ചെയ്തതിനു ശേഷം ഒരു ലക്ഷത്തി നാല്പത്തി അയ്യായിരം ഓസ്ട്രേലിയൻ ഡോളർ. അതായത് ടാക്സ് ഉൾപ്പെടെ രണ്ടു ലക്ഷത്തിലധികം ഡോളർ. ഇത്രയും വലിയ തുക ബാങ്കിലേക്ക് ഒഴുകി എത്തിയപ്പോൾ ജോർജ്ജുകുട്ടിയുടെ സത്യസന്ധമായ വ്യക്തിത്വം സ്വയം ബോധത്തോടെ പ്രവർത്തിക്കുകയും ഉടൻ തന്നെ ആശുപത്രി അധികാരികളെ അറിയിക്കുകയും ചെയ്തു. കൂടുതൽ അന്വേഷിച്ചപ്പോൾ അടുത്തിടെ കിട്ടിയ ജോലിക്കയറ്റത്തിൽ കിട്ടേണ്ടിയിരുന്ന അധിക ശമ്പളം കണക്ക് കൂട്ടിയതിൽ ഉണ്ടായ ചെറിയ ഒരു പിഴവാണ് ഇത്രയും വലിയ ഒരു തുക ബാങ്കിലേക്ക് എത്തുവാൻ കാരണമായത്. ബാങ്കിലേക്ക് തുക മാറ്റപ്പെട്ടിരുന്നതിനാൽ ജോർജ്ജുകുട്ടി തിരിച്ചു കൊടുത്താലെ തുക ആശുപത്രി അധികാരികൾക്ക് കിട്ടുകയുള്ളൂ എന്നതിനാൽ, യാതൊരു വ്യവസ്ഥകളും ഇല്ലാതെ തുക തിരിച്ചു കൊടുത്ത ജോർജ്ജുകുട്ടി ആശുപത്രി അധികാരിൾക്ക് സത്യസന്ധതയുടെ പര്യായമായിരിക്കുകയാണ്. ക്യാൻബറ ക്നാനായ അസോസിയേഷന്റെ സെക്രട്ടറി കൂടിയായ ജോർജ്ജുകുട്ടി കുറേ വർഷങ്ങളായി ക്യാൻബറയിൽ ജോലി ചെയ്യുന്നു. കല്ലറ പഴയപള്ളി ഇടവകയിലെ തന്നെ മണ്ണാട്ടുപറമ്പിൽ നീനു ആണ് ഭാര്യ.

# അറ്റ്ലാന്റ ഇന്ത്യൻ കോൺസുലേറ്റ് റിപബ്ലിക് ദിനം ആഘോഷിച്ചു

അറ്റ്ലാന്റ് (ജോർജിയ): ആദ്യ കോൺസൽ ജനറൽ ആയി നിയമിതനായ അജിത് കുമാർ ക്ഷണിക്കപ്പെട്ട ഇന്ത്യൻ സമൂഹത്തോടൊപ്പം ഇന്ത്യയുടെ 63 മത് റിപബ്ലിക് ദിനം ആഘോഷിച്ചു. അറ്റ്ലാന്റയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്ര ഗംഭീരമായി ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന സുദിനം കൊണ്ടാടി ചരിത്രം കുറിച്ചത്.

മലയാളി സമൂഹത്തെ പ്രതിനിധികരിച്ച് ഗാമയുടെ പ്രസിഡന്റ് മനോജ് തോമസും മുൻ പ്രസിഡന്റ് ബിജു തോമസ് തുരുത്തുമാലിയും ക്ഷണിക്കപ്പെട്ട അതിഥികളായി ഈ ആഘോഷത്തിൽ പങ്കെടുത്തു.



# ടൈഗർ എയർവേയ്സ് കൊച്ചി–സിംഗപ്പൂർ സർവീസ് പുനരാരംഭിക്കുന്നു




നെടുമ്പാശേരി: ടൈഗർ എയർവേയ്സ് കൊച്ചി സിംഗപ്പൂർ സർവീസ് പുനരാരംഭിക്കുന്നു. സിംഗപ്പൂർ ആസ്ഥാനമായുള്ള, ചെലവു കുറഞ്ഞ വിമാന കമ്പനികളിലൊന്നായ ടൈഗർ ഏപ്രിൽ 28 മുതലാണ് കൊച്ചി വിമാനത്താവളത്തിൽ നിന്ന് സർവീസ് ആരംഭിക്കുന്നത്.

ആഴ്ചയിൽ നാലു സർവീസുകളാണ് നടത്തുക. ഓൺലൈൻ ബുക്കിംഗ് ആരംഭിച്ചു. തിങ്കൾ, ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലാണ് (ടി.ആർ. 2649) കൊച്ചിയിൽ നിന്ന് സിംഗപ്പൂരിലേക്ക് പറക്കുക. തിങ്കൾ, ബുധൻ, വെള്ളി, ഞായർ ദിവസങ്ങളിലായിരിക്കും (ടി.ആർ. 2648) സിംഗപ്പൂർ കൊച്ചി സർവീസ്. ഏപ്രിൽ 28നും ഒക്ടോബർ 30നും ഇടയിൽ യാത്ര ചെയ്യുന്നവർക്ക് ആകർഷകമായ യാത്രാനിരക്കുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു ദിശയിലേക്ക് യാത്ര ചെയ്യുന്നതിന് 85 ഡോളർ നൽകിയാൽ മതി. കൂടുതൽ വിവരങ്ങൾക്ക് www.tigerairways.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

2007 ഒക്ടോബറിൽ ടൈഗർ എയർവേയ്സ് കൊച്ചിയിൽനിന്നും സിംഗപ്പൂരിലേക്ക് സർവീസ് ആരംഭിച്ചിരുന്നെങ്കിലും 2008 മാർച്ചിൽ സർവീസ് നിർത്തിയിരുന്നു. ഈ റൂട്ടിൽ യാത്രക്കാരുടെ തിരക്ക് കൂടിയതിനാലാണ് സർവീസ് പുനാരാരംഭിക്കുന്നത്.

ടൈഗർ എയർവേയ്സ്കൂടി കൊച്ചിയിൽനിന്നും സർവീസ് നടത്തുന്നതോടുകൂടി രാജ്യാന്തര സർവീസ്നടത്തുന്ന വിമാനക്കമ്പനികളുടെ എണ്ണം 16 ആകും.

സിംഗപ്പൂരിലെ പ്രമുഖ വിമാന ക്കമ്പനിയായ ടൈഗർ എയർവേയ്സ് 2004 ലാണ് പ്രവർത്തനമാരംഭിച്ചത്. 13 രാജ്യങ്ങളിലെ 33 ൽപരം വിമാനത്താവളങ്ങളിലേക്ക് സർവീസ് നടത്തുന്നുണ്ട്.

# ഓസ്ട്രിയൻ സംഗീതലോകത്തെ മലയാളി വിസ്മയം

വിയന്ന: ഓസ്ട്രിയൻ സംഗീതലോകത്തൊരു മലയാളി സാന്നിധ്യം. വിയന്നയിലെ ജോൺസൺ മീനപള്ളിക്കുന്നേൽ ദമ്പതികളുടെ മൂത്ത മകൾ ഷാരോൺ ആൻ പള്ളിക്കുന്നേലാണ് ഈ പ്രതിഭ. ഓസ്ട്രിയൻ സംഗീത ലോകത്ത് ഒരു കോളിളക്കം തന്നെ സൃഷ്ടിച്ച ഷാരോൺ വിജയത്തിന്റെ പടവുകൾ ഒന്നൊന്നായി കയറുകയാണ്.

കലാകാരനായ പിതാവിന്റെ കഴിവുകൾ ഷാരോണിലേക്ക് പകർന്നു ലഭിച്ചിട്ടുണ്ടെങ്കിലും സംഗീതകല ഷാരോണിന്റെ സ്വന്തം സിരകളിൽതന്നെ ഉടലെടുത്തതാണ്.

വിയന്നയിലെ ഡാന്യൂബ് നദിക്കരയിൽ വർഷംതോറും നടത്തുന്ന കലോത്സവത്തിൽ നിരവധി തവണ ഷാരോൺ പരിപാടി അവതരിപ്പിച്ചിട്ടുണ്ട്. സിഡോ എന്ന ജർമ്മൻ യുവാവ് രൂപം കൊടുത്ത ബ്ലോക്ക് സ്റ്റാർസ് സിഡോ മാഫ്റ്റ് ബാൻഡ് എന്ന സാമൂഹ്യ സംഗീത ടിവി പ്രോഗ്രാമിലൂടെയാണ് ഷാരോൺ ഓസ്ട്രിയൻ ജനങ്ങൾക്കിടയിൽ പ്രശസ്തയായത്. നാലു പേരടങ്ങുന്ന ഗ്രൂപ്പ് ഫെബ്രുവരി 24ന് ഓസ്ട്രിയൻ ദേശീയ ചാനലുകളിലൊന്നായ ഒആർഎഫ് വണ്ണിൽ ഓസ്ട്രിയൻ സമയം രാത്രി 8.15ന് മറ്റു ടീമുകളുമായി മത്സരിക്കും.

ഒന്നാം സ്ഥാനം ലഭിച്ചാൽ യൂറോവിഷൻ എന്ന യൂറോപ്പിന്റെ ഏറ്റവും വലിയ സംഗീത മത്സരത്തിലേക്ക് യോഗ്യത നേടും. ഷാരോണിന്റെ സംഗീത ഗ്രൂപ്പിന്റെ ആൽബം ജർമ്മൻ ഭാഷ സംസാരിക്കുന്ന രാജ്യങ്ങളിലെ എല്ലാ മ്യൂസിക് ഷോപ്പുകളിലും ലഭ്യമാണ്.



# നഴ്സുമാരുടെ സമരം: വേൾഡ് മലയാളി കൗൺസിൽ തൊഴിൽ മന്ത്രിക്ക് നിവേദനം നൽകി

ഡബ്ലിൻ: ന്യായമായ അവകാശങ്ങൾക്കുവേണ്ടി കേരളത്തിൽ സമരം നടത്തുന്ന നഴ്സുമാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് വേൾഡ് മലയാളി കൗൺസിൽ അയർലൻഡ് പ്രൊവിൻസ് തൊഴിൽ മന്ത്രി ഷിബു ബേബി ജോണിനും, മുഖ്യമന്ത്രിക്കും നിവേദനം നൽകി.

സാമൂഹ്യ വികസന രംഗത്ത് ഉന്നത നിലവാരം പുലർത്തുന്ന കേരളത്തിൽ ആരോഗ്യ മേഖലയിൽ പണിയെടുക്കുന്ന പ്രൊഫഷണലുകൾക്ക് മിനിമം വേതനത്തിനുവേണ്ടി സമരം ചെയ്യേണ്ടിവരുന്നത് ലജ്ജാകരമാണ്. ജാതിമത സംഘടനകളും വൻ വ്യവസായ ഗ്രൂപ്പുകളും നടത്തുന്ന ആരോഗ്യ സ്ഥാപങ്ങളിലെ ചൂഷങ്ങൾക്കെതിരെ പ്രതികരിക്കാൻ ഒരു രാഷ്ട്രീയ പാർട്ടികളും തയാറാകുന്നില്ല എന്നതും സങ്കടകരമാണ്.

രാജ്യത്തെ ജീവിത നിലവാരം അനുസരിച്ച് ജീവിക്കാൻ ആവശ്യമായ ശമ്പളം നഴ്സുമാർക്ക് നൽകാൻ വേണ്ട നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് ചെയർമാൻ ബിനു ബി. അന്തിനാട് ഫാക്സ് ചെയ്ത നിവേദനത്തിൽ അഭ്യർഥിച്ചു.

## യുകെയിൽ ഡ്രൈവിംഗ് തിയറി ടെസ്റ്റിനുള്ള നിബന്ധനകൾ കൂടുതൽ കർക്കശമാക്കി

ലണ്ടൻ: ഡ്രൈവിംഗ് തിയറി ടെസ്റ്റിനുള്ള നിബന്ധനകൾ കൂടുതൽ കർക്കശമാക്കി ഡ്രൈവിംഗ് സ്റ്റാൻഡേർഡ് ഏജൻസി ഉത്തരവ് പുറപ്പെടുവിച്ചു. വാഹനമോടിക്കാൻ പഠിക്കുന്നതിനെക്കാളധികമായി എങ്ങനെ പരീക്ഷ പാസാകാൻ കഴിയുമെന്ന് അന്വേഷിച്ചിരുന്ന ലൈസൻസ് മോഹികൾ നേരത്തെ നടത്തിയ പരീക്ഷകളുടെ ഉത്തരങ്ങൾ കാണാപ്പാഠം പഠിച്ചാണ് കാര്യം നേടിയിരുന്നത്. പഴയ പരീക്ഷാ പേപ്പറുടെ ഉത്തരങ്ങൾ ഏജൻസി നേരത്തെ പ്രസിദ്ധീകരിക്കുമായിരുന്നു. അവയിലെ ചോദ്യങ്ങൾ ആവർത്തിക്കപ്പെടുമെന്നുള്ളതിനാൽ പരീക്ഷയെഴുതുന്നവർക്ക് അവ കാണാപ്പാഠം പഠിച്ചാൽ മതിയായിരുന്നു. ഇതിന് അന്ത്യം കുറിച്ച് ചോദ്യോത്തരങ്ങൾ പ്രസിദ്ധീകരിക്കുന്ന സംവിധാനം അധികൃതർ നിറുത്തുകയാണ്.

പരീക്ഷ സംബന്ധിച്ച വിവരങ്ങൾ ഹൈവേ കോഡിലും മറ്റു ബുക്കുകളിലുമുണ്ട്. അതുനോക്കി കാര്യങ്ങൾ മനസിലാക്കി വരാനാണ് നിർദേശം. സ്വതന്ത്രമായി പത്തു മിനിറ്റ് വണ്ടിയോടിക്കുന്നത് ഉൾപ്പെടെയുള്ള പ്രാക്ടിക്കൽ പരീക്ഷയും നേരത്തെ ഉണ്ടായിരുന്നു. ഒരുവർഷംമുമ്പ് ഇതും നിർത്തലാക്കിയിരുന്നു. അപേക്ഷകൻ ലൈസൻസ് മോഹിക്ക് തുടർച്ചയായി നിർദേശങ്ങൾ നൽകുന്നത് പരിപാടി ഇതോടെ അവസാനിച്ചു. റോഡരികിൽ സ്ഥാപിച്ചിട്ടുള്ള സൈൻബോർഡുകൾ നോക്കി വണ്ടിയോടിക്കാനുള്ള നിർദേശമാണുണ്ടായത്.

## സ്വിറ്റ്സർലൻഡിൽ ഫ്രണ്ട്സ് ഓഫ് ചങ്ങനാശേരി വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

ഫ്രണ്ട്സ് ഓഫ് ചങ്ങനാശേരി സ്വിസ് ചാപ്റ്ററിന്റെ വെബ്സൈറ്റ് www.focswiss.ch ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്തു. സ്വിസ് മലയാളികളുടെ സഹകാരിയായ ഫാ.വർഗീസ് നടയ്ക്കൽ വെബ് സൈറ്റ് ഉദ്ഘാടനം നിർവഹിച്ചു.

ചങ്ങനാശേരി കൂട്ടായ്മയുടെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഫാ. വർഗീസ് നടയ്ക്കൽ ആശംസകൾ നേർന്നു. ഫ്രണ്ട്സ് ഓഫ് ചങ്ങനാശേരി സ്വിസ് ചാപ്റ്ററിന്റെ വെബ് മാസ്റ്റർ വിനു മുക്കാടനാണ് വെബ്സൈറ്റിന്റെ ശിൽപ്പി.

ചങ്ങനാശേരി നിവാസികളുടെ കുടുംബ കൂട്ടായ്മ ചങ്ങനാശേരിയിലും പ്രാന്തപ്രദേശങ്ങളിലും വിവിധ കാരുണ്യ പ്രവർത്തനങ്ങളും ചെയ്തുവരുന്നു.

## ജെറ്റ് എയർവേഴ്സും സർവീസുകൾ റദ്ദാക്കുന്നു

മസ്കറ്റ്: മസ്കറ്റിൽനിന്നും കേരളത്തിലേയ്ക്കും തിരിച്ചുമുള്ള വിമാന സർവീസുകൾ എയർ ഇന്ത്യ എക്സ്പ്രസ് അധികൃതർ വെട്ടിക്കുറച്ചതിനു പിന്നാലെ സ്വകാര്യ വിമാന കമ്പനിയായ ജെറ്റ് എയർവേഴ്സും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ അവരുടെ കേരളത്തിലേയ്ക്കുള്ള സർവീസുകളിൽ പലതും റദ്ദാക്കി.

നിലവിൽ കേരളത്തിൽ തിരുവനന്തപുരത്തേയ്ക്കും കൊച്ചിയിലേയ്ക്കുമാണ് ജെറ്റ് എയർവേഴ്സ് സർവീസ് നടത്തുന്നത്. ദിവസേനയുള്ള സർവീസുകളിൽ യാത്രക്കാർ കുറവുള്ള സർവീസുകളാണ് റദ്ദു ചെയ്തിരിക്കുന്നത്. ചാർജുകളോ, നിരക്കുകളിലുള്ള വ്യതിയാനമോ ഇല്ലാതെ വേറൊരു ദിവസത്തേയ്ക്കു യാത്രക്കാർക്ക് ടിക്കറ്റുകൾ മാറ്റിയെടുക്കാമെന്ന് കമ്പനി വൃത്തങ്ങൾ അറിയിച്ചു.

# നിര്യാതരായി



കുറുപ്പന്തറ: പറച്ചുടലിയിൽ പരേതനായ മത്തായിയുടെ ഭാര്യ മറിയം (93) നിര്യാതയായി. സംസ്കാരം കുറുപ്പന്തറ സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ നടത്തി. അറുനൂറ്റിമംഗലം കൊച്ചാലുംമൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: ജോൺ, മാത്യു, മേരി, തോമസ് (യു.എസ്.എ.) ജോസ്, വിൽസൻ, ഷാജി, പരേതയായ ഏലിയാമ്മ. മരുമക്കൾ: ലില്ലി (നീറിക്കാട്), മാത്യു (ചെറുപുഴ), ഫിലോമിന (കൈപ്പുഴ), സൈമൺ (ഉഴവൂർ), മേരി (യു.എസ്.എ.), ആൻസി (ബി.സി.എ. കോളേജ് സ്റ്റാഫ്), ഏലിയാമ്മ (ഇരവിമംഗലം), സാലി (നീറിക്കാട്)

കിടങ്ങൂർ സൗത്ത്: കുടന്തയിൽ തോമസ് ലൂക്കായുടെ ഭാര്യ അന്നമ്മ ലൂക്കാ (82) അന്തരിച്ചു. കരിങ്കുന്നം ഇടയാടിയിൽ കുടുംബാംഗം. മക്കൾ: പരേതയായ ബേബി (കെ.എൽ. തോമസ്), കെ.എൽ. ജോസ് (റിട്ട. അദ്ധ്യാപകൻ, സെന്റ് സ്റ്റീഫൻസ് കോളേജ്, ഉഴവൂർ), സണ്ണി (കെ.എൽ.പോൾ), മേരിക്കുട്ടി കെ.എൽ. (വിമല-സെന്റ് ആൻസ് ഹയർ സെക്കന്ററി സ്കൂൾ, കോട്ടയം), ഫിലിപ്പ് ലൂക്കോസ് (യു.എസ്.എ.), ജിമ്മി (ജയിംസ് ലൂക്കോസ്), ബോസ് ലൂക്കോസ് (യു.കെ.). മരുമക്കൾ: ജസ്സി (നീറിക്കാട്), ബെൻസി (കണ്ണിമല), എൽസമ്മ (ഏറ്റുമാനൂർ), ജോമോൻ (പരിപ്പ്), മിനി (ഒളശ്ശ), മിനി, ഷൈനി (മേമ്മുറി), ബീന (പുന്നത്തുറ). സംസ്കാരം പുന്നത്തുറ പഴയപള്ളി സെമിത്തേരിയിൽ നടത്തി.



അരീക്കര: കൈപ്പുങ്കൽ (തടത്തിൽ ച്ചാലിൽ) റ്റി.എം. ജോസ് (ഉപ്പച്ചൻ-70) നിര്യാതനായി. സംസ്കാരം ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഫൊറോനപ്പള്ളി സെമിത്തേരിയിൽ നടത്തി. ഉഴവൂർ കുടിയിരുപ്പിൽ മറിയക്കുട്ടിയാണ് ഭാര്യ. മക്കൾ: സജിമോൾ, സിബു, ഷിജു, ഷൈജി. മരുമക്കൾ: ബാബു (കുറുമള്ളൂർ), ലൈബി, ഷീന, ലൂയിസ്.



കല്ലറ: മകുടാലയം ലിറ്റിൽ ഫ്ളവർ പള്ളി വികാരി ഫാ. റോയി വടക്കേപ്പറമ്പിലിന്റെ മാതാവും വാടക്കേപ്പറമ്പിൽ പരേതനായ ജോർജ്ജിന്റെ ഭാര്യയുമായ അന്നമ്മ (71) നിര്യാതയായി. സംസ്കാരം കല്ലറ പുത്തൻപള്ളി സെമിത്തേരിയിൽ നടത്തി. അറുനൂറ്റിമംഗലം ഇലയ്ക്കാട്ട് കുടുംബാംമാണ്. മക്കൾ: മേഴ്സി, തമ്പി, ഷാജി. മരുമക്കൾ: ജോബ് (കുമരകം), ജോയ്സി, ബിന്ദു.

കരിങ്കുന്നം: പൂവപ്ലാക്കൽ (മരോട്ടിക്കൽ) പരേതനായ ചുമ്മാറിന്റെ ഭാര്യ ഏലിക്കുട്ടി (75) അന്തരിച്ചു. കരിങ്കുന്നം കൊച്ചു പറമ്പിൽ കുടുംബാംഗം. മക്കൾ: ബേബി, ജോസ്, സേവ്യർ, സാലി, മിനി. മരുമക്കൾ: മേഴ്സി (ചാലക്കുടി), സുമോൾ (പൈങ്കുളം), ആശ (കുറവിലങ്ങാട്), അലോഷ്യസ് (ഉഴവൂർ), പരേതനായ തങ്കച്ചൻ. സംസ്കാരം കരിങ്കുന്നം സെന്റ് അഗസ്റ്റ്യൻസ് പള്ളി സെമിത്തേരിയിൽ നടത്തി.

കിടങ്ങൂർ: കോയിത്തറ പരേതനായ മാത്യുവിന്റെ മകൻ റിട്ട. ഹെഡ്മാസ്റ്റർ കെ.എം. മാത്യു (80) അന്തരിച്ചു. സഹോദരങ്ങൾ: കെ.എം. ജോസ് (റിട്ട. അദ്ധ്യാപകൻ), ചിന്നമ്മ മത്തായി (കരിങ്കുന്നം), പരേതരായ കെ.എം. ഏബ്രഹാം (ഏറ്റുമാനൂർ), കെ.എം. തോമസ് (റിട്ട.അദ്ധ്യാപകൻ-കിടങ്ങൂർ), കെ.എം. ഫിലിപ്പോസ് (റിട്ട. വില്ലേജ് ഓഫീസർ വാഴത്തോപ്പ്). സംസ്കാരം കിടങ്ങൂർ സെന്റ് മേരീസ് ഫൊറോന പള്ളി സെമിത്തേരിയിൽ നടത്തി.



കൈപ്പുഴ: ഏലൂർ പരേതനായ ഏബ്രഹാമിന്റെ ഭാര്യ അന്നമ്മ (89) അന്തരിച്ചു. ഇരവിമംഗലം പീടികയിൽ കുടുംബാംഗം. മക്കൾ: സിസ്റ്റർ ഗിൽബർട്ട് (വിസിറ്റേഷൻ കോൺവെന്റ് കിടങ്ങൂർ), ബേബി (യു.എസ്.എ.), എൽസമ്മ (യു.കെ.), തോമസ് (യു.എസ്.എ.), ആൻസി (മുംബൈ), പരേതരായ ജെയിംസ് (സണ്ണി). മരുമുക്കൾ: സൂസമ്മ, മേഴ്സി, ലില്ലി (മൂവരും യു.എസ്.എ.). സൈമൺ (യു.കെ.), സ്റ്റീഫൻ (മുംബൈ), സംസ്കാരം പാലത്തുരുത്ത് സെന്റ് ത്രേസ്യാസ് പള്ളി സെമിത്തേരിയിൽ നടത്തി.



കല്ലറ: തൊട്ടിപ്പറമ്പിൽ ചാക്കോ (84) നിര്യാതനായി സംസ്കാരം സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ മേരി കൊച്ചു പുത്തൻ പുരയ്ക്കൽ, മക്കൾ: ജയിംസ്, ഫാ. ജോയി (യു.എസ്.എ.), ബ്ര.ജിമ്മി (സെന്റ്, ഗബ്രിയേൽ ഹൈദരാബാദ്), ജിജി (യു.കെ.). മരുമക്കൾ: മേരിക്കുട്ടി (പിറവം), കൊച്ചുറാണി (യു.കെ.)



കൈപ്പുഴ: വഞ്ചിപ്പുരയ്ക്കൽ വി.ടി. ചാക്കുണ്ണി (85) നിര്യാതനായി. സംസ്കാരം സെന്റ് ജോർജ് ഫൊറോന പള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ പരേതയായ ക്ലാര ചേർപ്പുങ്കൽ വാരിക്കാട്ട് കുടുംബാംഗം. മക്കൾ: ഫില്ലീസ്, തോമസ്കുട്ടി, മേമി, നീന, ലിസി, മരീന. മരുമക്കൾ: ഫിലിപ്പ്, മേഴ്സി, ജോസ്, ജോസ്, തോമസ്, സജി.

കൈപ്പുഴ: കളപ്പുര കുന്നുംപുറത്ത് കെ.എൽ. ജോയിയുടെ ഭാര്യ മേരിക്കുട്ടി ജോയി (59) നിര്യാതയായി സംസ്കാരം സെന്റ് ജോർജ് ഫൊറോനപള്ളി സെമിത്തേരിയിൽ നടത്തി. പരേത കിടങ്ങൂർ സൗത്ത് പള്ളിയേമ്പിൽ കുടുംബാംഗമാണ്. മക്കൾ: ലിസമ്മ (കെ.എസ്.എ.), അനിമോൾ, ദീപ. മരുമക്കൾ: ജോണിച്ചൻ (നീണ്ടൂർ), അനിൽ (അമയന്നൂർ), ഷാജൻ (കുവൈത്ത്)

നീണ്ടൂർ: പുളിക്കക്കുഴിയിൽ പരേതനായ തോമാ-ഏലി ദമ്പതികളുടെ മകൻ മാണി തോമസ് (75) നിര്യാതനായി. സംസ്കാരം സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ ഏലിക്കുട്ടി കൈപ്പുഴ മീനത്തുപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: എൽസമ്മ (നീണ്ടൂർ), തോമസ് (സൗദി), മേഴ്സി (രാജസ്ഥാൻ), സജു (യു.കെ.), ജെസ്സി (യു.കെ.) ലൗസി (കുറുമുള്ളൂർ). മരുമക്കൾ: മാത്യു, ജെസ്സി, സണ്ണി, സോണി, ഷിജോ, ജനീഷ്.



ഫ്ളോറിഡ: കൈപ്പുഴ സ്വദേശി തോമസ് നരിച്ചിറയിൽ (88) ഫ്ളോറിഡയിലെ തമ്പായിൽ ജനുവരി 31ന് നിര്യാതനായി. പുന്നത്തുറ വയലിൽ കുടുംബാംഗമായ അന്നക്കുട്ടിയാണ് ഭാര്യ. മക്കൾ: ത്രേസ്യക്കുട്ടി (ചിക്കാഗോ), മേരി (അറ്റ്ലാന്റാ), സെലിൻ (ചിക്കാഗോ), ലീല (തമ്പാ), വത്സ (ചിക്കാഗോ), റോസിലി (ചിക്കാഗോ), ലൂസി (ചിക്കാഗോ). മരുമക്കൾ: ജോർജ്, പരേതനായ തോമസ്, ജോസ്, ജിമ്മി, ലൂക്കോസ്, അലക്സ്, ജോസ്. സംസ്കാരം ഹിൽസ്ബോറോ ഗാർഡൻ മെമ്മോറിയൽ സെമിത്തേരിയിൽ നടത്തി.

കരിങ്കുന്നം: കൊച്ചുകറുത്തേടത്ത് ജോസഫ് ലൂക്ക (കുഞ്ഞേപ്പ് ചേട്ടൻ 95) നിര്യാതനായി. സംസ്കാരം കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ നടത്തി. ഭാര്യ അന്ന അരീക്കര മേക്കാട്ടേൽ കുടുംബാംഗം. മക്കൾ: പെണ്ണമ്മ, ലൂക്ക (കുട്ടപ്പൻ), ഏലിയാമ്മ, മേരി, തെയ്യാമ്മ, പരേതനായ കുര്യാച്ചൻ, ഫിലിപ്പ് (യു.കെ.). മരുമക്കൾ: സൈമൺ (മംഗലാപുരം), മേരി (ഞീഴൂർ), സ്റ്റീഫൻ (ഉഴവൂർ), എസ്തപ്പാൻ (പിറവം), മത്തായി (മോനിപ്പള്ളി), അമ്മിണി (പിറവം), ഷൈല (യു.കെ.), കുര്യൻ (പിറവം), ക്രിസ്റ്റഫർ (യു.കെ.)

പുനലൂർ: നെല്ലിപ്പള്ളി അമ്പനാട്ട് പരേതനായ കോശി മുതലാളിയുടെ ഭാര്യ മറിയാമ്മ കോശി (87) നിര്യാതയായി. സംസ്കാരം വാളക്കോട് ഓർത്തഡോക്സ് പള്ളിയിൽ നടത്തി. പരേത പുനലൂർ ചങ്ങരം പള്ളിൽ കുടുംബാംഗമാണ്. മക്കൾ: ഷാബി ഏലിയാസ് വാഴക്കുളം, ബോയ്ഡ് കോശി മുതലാളി, ബോബി കോശി മുതലാളി (യുഎസ്എ). മരുമക്കൾ: സി.ജെ.ഏലിയാസ് വഴക്കുളം, ഷീല ബോയ്ഡ്, സെറിൻ ബോബി (യുഎസ്എ).പരേത പുനലൂർ ജോക്കെച്ച് സ്കൂൾ മാനേജരാണ്.

റാന്നി: തോട്ടമൺ മൈലയ്ക്കൽ പരേതനായ വി.സി. ഏബ്രഹാമന്റെ ഭാര്യ മോളി ഏബ്രഹാം (72) അന്തരിച്ചു. മക്കൾ: ബിജു, പരേതനായ റെജി. മരുമക്കൾ: സുനിരാജി, റീനാരാജ (അദ്ധ്യാപിക, എം.എസ്. എച്ച്.എസ്.എസ്. റാന്നി). സംസ്കാരം റാന്നി ക്നാനായ വലിയ പള്ളി സെമിത്തേരിയിൽ നടത്തി.

ചാമക്കാല: ആട്ടുകുന്നേൽ ഏ.സി. ജോസഫ് (ഏപ്പ്ചേട്ടൻ-78) നിര്യാതനായി. സംസ്കാരം ചാമക്കാല സെന്റ് ജോൺസ് പള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ ഏലിയാമ്മ നീറിക്കാട് തുരുത്തുവേലിൽ കുടുംബാംഗം. മക്കൾ: ഏ.ജെ. അലക്സാണ്ടർ (ഓട്ടോകാസ്റ്റ് ചേർത്തല), ആനി, ഡെയ്സി, ലൂക്കോസ് ജോസഫ് (വെട്ടിക്കാട്ട് പ്ലാസ, നീണ്ടൂർ), ജയമോൾ. മരുമക്കൾ: മേഴ്സി (ചാമക്കാല), എം.എസ്. രാജു (കോതനല്ലൂർ), ജോസഫ് (തിരുമാറാടി), മിനി (അട്ടപ്പാടി), ജിജി (കൈപ്പുഴ).



നീണ്ടൂർ: മണ്ണാർകാട്ടിൽ മത്തായിയുടെ ഭാര്യ മോളി മാത്യു (48) നിര്യാതയായി. സംസ്കാരം നീണ്ടൂർ സെന്റ് മിഖായേൽ പള്ളി സെമിത്തേരിയിൽ നടത്തി. പരേത പുന്നത്തുറ കണ്ണിനാത്ത് കുടുംബാംഗമാണ്. മക്കൾ: മനോജ് (ഡൽഹി), മനു.



ഉഴവൂർ: ഒ.എൽ.എൽ. ഹൈസ്കൂളിൽ ദീർഘകാലം കായികാദ്ധ്യാപകനായി സേവനമനുഷ്ഠിച്ച് ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച് വിശ്രമജീവിതം നയിക്കുകയായിരുന്ന കാനാട്ട് ജോർജ് സാർ നിര്യാതനായി. സംസ്കാരം ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഫൊറോനപള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ: മറിയാമ്മ പിറവം കുഴിക്കാട്ട്മനയ്ക്കൽ കുടുംബാംഗം. മക്കൾ: രാജു (സ്വിറ്റ്സർലാന്റ്), ലത (യു.എസ്.എ), ബിന്ദു (യു.എസ്.എ). മക്കൾ: ഡെറ്റി (സ്വിറ്റ്സർലാന്റ്), ജോർജുകുട്ടി (യു.എസ്.എ), ജെയിംസ് (യു.എസ്.എ)



കിഴക്കേ കൂടല്ലൂർ: പുത്തൻപുരയിൽ ചാക്കോയുടെ ഭാര്യ അന്നമ്മ (78) അന്തരിച്ചു. മക്കൾ: ജോയി (ജർമനി), എൽസമ്മ (ന്യൂയോർക്ക്), ഫെലിക്സ് (ഓസ്ട്രിയ), ഗ്രേസി (യു.കെ.), ഷാജി (പുത്തൻപുരയ്ക്കൽ ഓട്ടോമൊബൈൽസ്, കിടങ്ങൂർ), ആൻസി (യു.എസ്.എ.), ലൂസ് (ജർമ്മനി), മരുമക്കൾ: ഓമന (റാന്നി), ജെയിംസ് (തൊടുപുഴ), മാർട്ടീന (കടുത്തുരുത്തി), കുഞ്ഞുമോൻ (പൈങ്കുളം), സിന്ധു (ഉഴവൂർ), തോമസ് (മ്രാല), ബേബി (ഓണം തുരുത്ത്). സംസ്കാരം നടത്തി.




Published by: Knanayavoice, 2634, Golf Rd. (Golf/Washington), Glenview, IL-69925